# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378,0471 2727379 email : obcdirectorate@gmail.com


BCDD/Grants/401/12(5) തീയതി : 23/03/2013

//ഭരണഭാഷ - മാതൃഭാഷ//

ഡയറക്ടർ

ഡയറക്ടർ
ഐ ആന്റ് പി ആർ ഡി
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം : പിന്നാക്ക സമുദായ വികസനം - ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം - പത്രവാർത്ത നൽകുന്നത് സംബന്ധിച്ച്

സൂചന : 1) സ.ഉ. (സാധാ) നം. 31/2013/പി.സ.വി.വ തീയതി 22.03.2013
2) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 23.03.2013 ലെ BCDD/A3/Grants/401/12(1) നമ്പർ നടപടി ഉത്തരവ്.
3) ഈ ആഫീസിലെ 23.03.13 ലെ BCDD/A3/Grants/401/12(2) നമ്പർ സർക്കുലർ

2012- 13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച വാർത്ത ഇതോടൊപ്പം ചേർക്കുന്നു. പ്രധാന വാർത്താ മാധ്യമങ്ങളിൽ വാർത്തകൾക്കൊപ്പം ഇത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സൂചന ഉത്തരവുകളും സർക്കുലറും (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പി.ആർ.ഡി വെബ് സൈറ്റിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT * THIRUVANANTHAPURAM- 695003 *

വിശ്വസ്തതയോടെ,

ഡയറക്ടർ

V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

പി.വി.എസ് 23.03.13

BCDD/Grants/401/12(6)

തീയതി : 23.03.2013

# പത്രക്കുറിപ്പ്

## ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

നടപ്പു സാമ്പത്തിക വർഷത്തെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റും വിതരണം സംബന്ധിച്ച് പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങളും **www. scholarship. itschool. gov.in / prematric_obc/** എന്ന സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് തുക സ്കൂളുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. അക്കൗണ്ടിൽ തുക ലഭ്യമായാലുടൻ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിച്ച തുക പ്രധാനാധ്യാപകർ വിതരണം ചെയ്യേണ്ടതാണ്.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT ★ THIRUVANANTHAPURAM-695003 ★

V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

## കേരള സർക്കാർ

## സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ് - 2012-13 വർഷത്തെ ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം - "2225-03-277-92- Pre-matric Scholarship for OBC(P)"- എന്ന ശീർഷകത്തിൽ വകയിരുത്തിയ സംഖ്യ - അനുവദിച്ച് ഉത്തരവാകുന്നു.

===========================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ. (സാധാ)നം. 31/2013/പി.സ.വി.വ. തിരുവനന്തപുരം, തീയതി: 22/03/2013.

===========================================================================

പരാമർശം : - 1) സ.ഉ. (സാധാ)നം. 1616/2012/പി.സ.വി.വ. തീയതി 18/12/2012.
2) സ.ഉ. (സാധാ)നം. 22/2013/പി.സ.വി.വ. തീയതി 23/02/2013.
3) 27/08/2012-ലെ നം.11013/10/2012/BC-1 ഭാരത സർക്കാർ കത്ത്.
4) 21/12/2012-ലെ നം 11013/10/2012/BC-1 ഭാരത സർക്കാർ കത്ത്.
5) 19/02/2013-ലെ ജി.ഒ (സാധാ) നം.1326/13/ധന എന്ന നമ്പരിലെ സർക്കാർ ഉത്തരവ്.

## ഉത്തരവ്

50% കേന്ദ്രസഹായമുള്ള ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ് 2012-13 സാമ്പത്തികവർഷത്തിൽ വിതരണം ചെയ്യുന്നതിന് "2225-03-277-92- Pre-matric Scholarship for OBC(P)- " എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 23.68 കോടി രൂപ (ഇരുപത്തിമൂന്ന് കോടി അറുപത്തിയെട്ട് ലക്ഷം രൂപ) പിൻവലിച്ച് അർഹരായ ഒ.ബി.സി വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുന്നതിനുമുള്ള അനുമതി പിന്നോക്ക സമുദായ വികസന ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

പരാമർശം 1 മുതൽ 5 പ്രകാരമുള്ള സർക്കാർ ഉത്തരവുകളും ഭാരത സർക്കാരിന്റെ നിബന്ധനകളും കർശനമായി പാലിച്ചുവേണം പദ്ധതി നടപ്പാക്കേണ്ടതെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**ഡോ.ദേവേന്ദ്രകുമാർ ധോദാവത്ത്**
സെക്രട്ടറി

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( vide U.O No.13324/ww3/12/Fin ) dated 15/02/2013.
ജില്ലാട്രഷറി, തിരുവനന്തപുരം.
കരുതൽഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം
For സെക്ഷൻ ഓഫീസർ
Anil Kumar R
Sr. Grade Assistant

# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ - ശ്രീ.വി.ആർ.ജോഷി)

വിഷയം:- പിന്നാക്ക സമുദായ വികസനം - ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സ.ഉ. (സാധാ) നം. 1616/2012/പി.സ.വി.വ തീയതി 18.12.12

2) സ.ഉ. (സാധാ) നം. 1326/13/ധന തീയതി 19.02.2013

3) സ.ഉ. (സാധാ) നം. 31/2013/പി.സ.വി.വ തീയതി 22.03.2013

.................................................................................................................................

ഉത്തരവ് നമ്പർ: **BCDD/A3/Grants/401/12(1)** തീയതി: 23/03/2013

.................................................................................................................................

നടപ്പു സാമ്പത്തിക വർഷത്തെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) വിതരണം ചെയ്യുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 23.68 കോടി രൂപ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് മാനദണ്ഡങ്ങളും, നിർദ്ദേശങ്ങളും അംഗീകരിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി തുക പിൻവലിച്ച് അർഹരായ ഒ.ബി.സി വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുന്നതിനുള്ള അനുമതി പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർക്ക് നൽകി പരാമർശം 3 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഐ.ടി @ സ്കൂളിന്റെ സഹായത്തോടെ സജ്ജീകരിച്ച സ്കോളർഷിപ്പ് പോർട്ടൽ മുഖേന സ്കൂൾ പ്രധാനാധ്യാപകർ എന്റർ ചെയ്ത അപേക്ഷകരിൽ ഉയർന്ന മാർക്ക്/ഗ്രേഡ് ശതമാനം ഉള്ളവർക്കും, കുടുംബ വാർഷിക വരുമാനം കുറഞ്ഞവർക്കും മുൻഗണന നൽകി സ്കോളർഷിപ്പ് അനുവദിക്കുന്നു. ഓരോ ക്ലാസ്സിലേയും അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി ലഭ്യമായ തുക വിതരണം ചെയ്യാവുന്ന വിധത്തിൽ ലിസ്റ്റ് തയ്യാറാക്കി സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നു.

സ്കോളർഷിപ്പ് വിതരണത്തിന് ആവശ്യമായ തുക, പരാമർശം 2 പ്രകാരം എസ്.ബി.ഐ പട്ടം ബ്രാഞ്ചിൽ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള 32870348551 നമ്പർ കറന്റ് അക്കൗണ്ടിൽ നിന്നും, ഓരോ സ്കൂളിലേക്കും ആവശ്യമായ തുക സ്ഥാപന മേധാവിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്യുന്നതാണ്.

പ്രധാനാധ്യാപകർ അക്കൗണ്ടിൽ ലഭ്യമായ തുക ഉടനടി പിൻവലിച്ച് ലിസ്റ്റ് പ്രകാരം അനുവദിക്കപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതും, അക്വിറ്റൻസ് സൂക്ഷിച്ചുവച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

(മറുപുറം)

സ്കോളർഷിപ്പ് വിതരണത്തിനും, ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കും ആവശ്യമായ 23.68 കോടി രൂപ 2225-03-277-92 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് ഡയറക്ടറുടെ പേരിൽ ഈ ആവശ്യത്തിന് എസ്.ബി.ഐ. പട്ടം ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള **32870348551** നമ്പർ കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ച് വിതരണം നടത്തുന്നതിനും ഇതിനാൽ ഉത്തരവാകുന്നു.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT ★ THIRUVANANTHAPURAM

ഡയറക്ടർ
V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

പകർപ്പ് :
ഗവ. സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
ചീഫ് മാനേജർ, എസ്.ബി.ഐ പട്ടം ബ്രാഞ്ച്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ (ഉപരിപത്രം സഹിതം)
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, പട്ടികജാതി വകസനവകുപ്പ് (ഉപരിപത്രം സഹിതം)
സബ്ട്രഷറി വെള്ളയമ്പലം
ബി.സി.ഡി.ഡി എ1,എ2,എ3 സീറ്റുകൾ
കരുതൽ/അധികം

പി.വി.എസ് 23.03.13

# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, ഫാക്സ് : 0471 2727379, email : obcdirectorate@gmail.com


---

**BCDD/A3/Grants/401/12(2)** തീയതി : 23.03.2013

**//ഭരണഭാഷ - മാതൃഭാഷ//**

## സർക്കുലർ

**വിഷയം : 2012-13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം- പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

**സൂചന : 1) സ.ഉ. (സാധാ) നം. 31/2013/പി.സ.വി.വ തീയതി 22.03.2013**

**2) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 23.03.2013 ലെ BCDD/A3/Grants/401/12(1) നമ്പർ നടപടി ഉത്തരവ്.**

2012-13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കായി തുക അനുവദിച്ച് സൂചന 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സൂചന 2 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് **www. scholarship. itschool. gov.in / prematric_obc/** എന്ന സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് യഥാസമയം സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ട ചുമതല പ്രധാനാധ്യാപകരിൽ നിക്ഷിപ്തമാണ്. സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***നിർദ്ദേശങ്ങൾ***

1. സ്കോളർഷിപ്പ് പോർട്ടലിൽ സ്ഥാപനമേധാവികൾ രേഖപ്പെടുത്തിയ, സ്കൂളുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ തുക ട്രാൻസ്ഫർ ചെയ്യുന്നതും, വിവരം ഇ മെയിൽ ആയും, എസ്.എം.എസ് ആയും അറിയിക്കുന്നതുമാണ്.
2. അക്കൗണ്ടിൽ ലഭിക്കുന്ന തുക അടുത്ത ദിവസം തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.
3. I മുതൽ V വരെ ക്ലാസ്സുകളിൽ ₹ 750 , VI മുതൽ VIII വരെ ₹ 900, IX, X ക്ലാസ്സുകളിൽ ₹ 1000 എന്നിങ്ങനെയാണ് സ്കോളർഷിപ്പ് നിരക്ക്.
4. ചെലവഴിക്കുന്ന തുകയുടെ അക്വിറ്റൻസ് സ്കൂളിൽ സൂക്ഷിക്കേണ്ടതും, തുടർന്നുള്ള പരിശോധനകൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

5. ഡാറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമോ മറ്റു കാരണങ്ങളാലോ അനർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതായി ബോധ്യപ്പെട്ടാൽ അത്തരം വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്യാൻ പാടില്ല.
6. ഇപ്രകാരം വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക **2013 മാർച്ച് 31** ന് മുമ്പായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പട്ടം ബ്രാഞ്ചിൽ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള **32870348551** എന്ന നമ്പരിലുള്ള അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.
7. ഇപ്രകാരം തിരിച്ചടക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ (ബാങ്ക്, ബ്രാഞ്ച്, തിരിച്ചടച്ച തീയതി, രശീത് നമ്പർ) സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ***വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിൽ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.***
8. ഒരേ വിദ്യാർത്ഥി സമാന രീതിയിലുള്ള ഒന്നിലധികം സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നില്ലായെന്നും, ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ പേർ സ്കോളർഷിപ്പ് കൈപ്പറ്റുന്നില്ലായെന്നും പ്രധാനാധ്യാപകർ ഉറപ്പാക്കേണ്ടതാണ്.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT
THIRUVANANTHAPURAM-695003

**ഡയറക്ടർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്

**പകർപ്പ് :**

ഗവ. സെക്രട്ടറി , പിന്നാക്ക സമുദായ വികസന വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ } (അറിവിലേക്കായി)
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക്
എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും
കരുതൽ/അധികം

പി.വി.എസ് 23.03.13